സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തസ്തികമാറ്റം വഴി ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള ഒഴിവിലേക്ക് മാറ്റം ലഭിക്കുന്നതിന് സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ : **ROC 7637/24/Est-II** നന്തൻകോട്, **08-01-2025**

---

പരാമർശം :- (1) ദേവസ്വം കമ്മീഷണർ ആഫീസിലെ 05-06-2024 ലെ ROC 1045/87/Est-B നമ്പർ റിപ്പോർട്ട്.

(2) ദേവസ്വം കമ്മീഷണർ ആഫീസിലെ 18-07-2024 ലെ ROC 1045/87/Est-B നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്പെഷ്യൽ റൂളിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് യോഗ്യത Plus Two, KGTE Certificate in Typewriting Malayalam & English (Lower) with Computer word Processing എന്നിവയാണെന്നിരിക്കെ ക്ലാസ്ഫോർ ജീവനക്കാരിൽ നിന്നും ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള മുൻ സീനിയോരിറ്റി ലിസ്റ്റിൽ Plus Two, Computer word Processing യോഗ്യത ഇല്ലാത്തവർ ഉൾപ്പെട്ടിട്ടുണ്ടെന്നും ക്ലാർക്കിന്റെയും സ്ട്രോംഗ്റൂം ഗാർഡിന്റെയും സിനിയോരിറ്റി ലിസ്റ്റ് സംബന്ധിച്ച് 01-06-2022 ന് മുൻപ് SSLC യോഗ്യതയുള്ളവരെ ലിസ്റ്റിൽ ഉൾപ്പെടുത്താമെന്ന് പരാമർശിച്ചിട്ടുള്ളതായും ടൈപ്പിസ്റ്റിന്റെ കാര്യത്തിൽ അത്തരം പരാമർശം ഇല്ലായെന്നും പുതിയ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ ടി ജീവനക്കാരെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് പരാമർശം (1) റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്.

പ്രസ്തുത വിഷയത്തിൽ വ്യക്തമായ ശുപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് ലഭ്യമായ റിപ്പോർട്ടിൽ ക്ലാസ്ഫോർ ജീവനക്കാരിൽ നിന്നും ടൈപ്പിസ്റ്റിന്റെ തസ്തികമാറ്റത്തിനുള്ള മുൻകാല ലിസ്റ്റുകളിൽ SSLC മാത്രം

(മറുപുറം)

യോഗ്യതയുള്ളവരും ഉൾപ്പെട്ടിട്ടുള്ളതാണെന്നും ടി ജീവനക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിരവധി വർഷത്തെ സർവ്വീസ് ഉള്ളവരാണെന്നും ആയതിനാൽ ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള ക്ലാസ്ഫോർ ജീവനക്കാരുടെ തസ്തികമാറ്റം പരിഗണിക്കുമ്പോൾ ക്ലാർക്കിന്റെ ബൈട്രാൻസ്ഫർ മാതൃകയിൽ 01-06-2022 ന് മുൻപ് SSLC മാത്രം യോഗ്യതയുള്ളവരെ കൂടി ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നും ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള മറ്റ് യോഗ്യതകൾ നേടിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യേണ്ടതാണെന്നും വിവരിച്ചിരുന്നു.

പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്ലാസ്ഫോർ ജീവനക്കാരിൽ നിന്നും ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റത്തിനായി പുതുതായി തയ്യാറാക്കുന്ന ലിസ്റ്റിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള മറ്റ് യോഗ്യതകളായ KGTE Certificate in Typewriting Malayalam & English (Lower) with Computer word Processing എന്നിവ നേടിയിരിക്കണമെന്ന വ്യവസ്ഥയിൽ 01-06-2022 ന് മുൻപ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള SSLC മാത്രം യോഗ്യതയുള്ളവരെ കൂടി ഉൾപ്പെടുത്തുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

പ്രസ്തുത ഉത്തരവിൻപ്രകാരം സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനായി കരട് തയ്യാറാക്കി നൽകുന്നതിന് നിയമ വിഭാഗത്തെ ചുമതലപ്പെടുത്തിയും ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. എസ്റ്റാ-1 സെക്ഷൻ - മേൽ പ്രകാരം സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിന് വേണ്ട നടപടിക്കായി.
3. ഐ.റ്റി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി

SK